കൂടുതൽ പഠിക്കാൻ
നിച്ച് ഓഫ് ട്രൂത്തുമായി ബന്ധപ്പെടുക

**NICHE OF TRUTH**
**Kalabhavan Road, Cochin- 18.**
**Ph: 2367810**
**Fax: 91- 484 - 2380746**
**E-mail: islam@nicheoftruth.org**
**Website: www.nicheoftruth.org**

*www.islamhouse.com*

# മരണത്തിന് ശേഷം ?

**NICHE OF TRUTH**

മരണത്തോടെ നമ്മുടെ ജീവിതം അവസാനിക്കുമോ?
അവസാനിക്കുമെങ്കിൽ, പിന്നെ ജീവിതത്തിനെന്തർഥം?
നന്മക്കും ധർമത്തിനും നീതിക്കുമെന്ത് വില?
ഇല്ല... മരണാനന്തരമൊരു ജീവിതമുണ്ട്
ഈ ജീവിതത്തിലെ ചെയ്തികൾക്ക്
കൃത്യമായ പ്രതിഫലം
നൽകപ്പെടുന്ന മരണാനന്തര ജീവിതം!
ആ ജീവിതത്തെ കുറിച്ചറിയാൻ എന്തുണ്ട് മാർഗം?
പരലോക ജീവിതത്തെക്കുറിച്ച് വ്യക്തമായി
പഠിപ്പിക്കുന്ന ഗ്രന്ഥമാണ് ഖുർആൻ.
ദൈവികമെന്ന് സ്വയം അവകാശപ്പെടുന്ന
ഏക ഗ്രന്ഥമാണത്; അവതരിപ്പിക്കപ്പെട്ട രൂപത്തിൽതന്നെ
ഇന്നും നിലനിൽക്കുന്ന, മാറ്റത്തിരുത്തലുകളൊന്നും
നടന്നിട്ടില്ലാത്ത ഒരേയൊരു വേദഗ്രന്ഥവും
ഖുർആൻതന്നെ!
ഖുർആൻ സൂക്തങ്ങളിലെ വിഷയവൈപുല്യവും
ആശയസംപുഷ്ടിയും അതിൻെറ ദൈവികത
വ്യക്തമാക്കുന്നു.
അതിൽ യാതൊരുവിധ വൈരുദ്ധ്യങ്ങളുമില്ല.
കഴിഞ്ഞ പതിനാല് നൂറ്റാണ്ടിനിടയ്ക്ക് നടന്ന
ശാസ്ത്ര വിപ്ലവങ്ങൾക്കൊന്നുംതന്നെ ഖുർആനിലെ
ഒരൊറ്റ സൂക്തം പോലും തെറ്റാണെന്ന് തെളിയിക്കാൻ
കഴിഞ്ഞിട്ടില്ല! മാനവരാശിക്ക് സന്മാർഗദർശനം
നൽകുന്നതിനായി സർവശക്തൻ അവതരിപ്പിച്ച
അവസാനത്തെ വേദഗ്രന്ഥമായ ഖുർആൻ
മരണാനന്തര ജീവിതത്തെക്കുറിച്ച് വിശദമായി
പ്രതിപാദിക്കുന്നുണ്ട്. പരലോക ജീവിതത്തെക്കുറിച്ച്
പറയുന്ന ഖുർആനിലെ ഒരു അധ്യായത്തിൻെറ
ആശയവിവർത്തനമാണ് വരുംപുറങ്ങളിലുള്ളത്.





***വിശുദ്ധ ഖുർആനിലെ 56-ാം അധ്യായം***

***വാഖിഅഃ (സംഭവം)***

പരമകാരുണികനും കരുണാനിധിയുമായ
അല്ലാഹുവിൻെറ നാമത്തിൽ.
സംഭവിക്കാൻ പോകുന്നത് സംഭവിച്ചാൽ!
അതിൻെറ സംഭവ്യതയെ നിഷേധിക്കുന്ന ഒന്നുമില്ല.
ചിലരെ താഴ്ത്തുകയും
ചിലരെ ഉയർത്തുകയും ചെയ്യുന്ന (സംഭവം);
ഭൂമിയെ കിടുകിടാ വിറപ്പിക്കുകയും
പർവതങ്ങളെ ഇടിച്ചുപൊടിയാക്കുകയും
അങ്ങനെ അത് പാറിപ്പറക്കുന്ന ധൂളിയാവുകയും
നിങ്ങൾ മൂന്ന് തരക്കാരാവുകയും ചെയ്യുന്ന സന്ദർഭം.
അപ്പോൾ, വലതുപക്ഷം! എന്താണ് വലതുപക്ഷം?
ഇടതുപക്ഷം! എന്താണ് ഇടതുപക്ഷം?
(വിശ്വാസത്തിൽ) മുന്നേറിയവർതന്നെയായിരിക്കും
(പരലോകത്തിലും) മുന്നേറിയവർ.
അവരാണ് സാമീപ്യം സിദ്ധിച്ചവർ.
അനുഗ്രഹത്തിൻെറ ആരാമങ്ങളിൽ.
മുൻഗാമികളിൽനിന്ന് ഒരു കൂട്ടം.
പിൻഗാമികളിൽനിന്ന് ചെറിയൊരു സംഘവും.
സ്വർണനൂലുകൊണ്ട് മെടഞ്ഞ കട്ടിലുകളിൽ
അവർ മുഖാമുഖം ചാരിയിരിക്കും.
സ്ഥിരവാസം നൽകപ്പെട്ട ബാലന്മാർ
അവർക്കുചുറ്റും സഞ്ചരിച്ചുകൊണ്ടിരിക്കും;
ചഷകങ്ങളും കൂജകളും
ഉറവുനീരിൻെറ പാനപാത്രവുമായി;
അതുമൂലം തലവേദനയോ
ലഹരിയോ ബാധിക്കുകയില്ല.
മേൽത്തരം പഴങ്ങളും

മോഹിക്കുന്ന പക്ഷിമാംസവും.
കാത്തുസൂക്ഷിച്ച പവിഴ മുത്തുപോലെ
മനോഹരികളായ തരുണികളും;
അവരുടെ കർമങ്ങളുടെ പ്രതിഫലം!
അസഭ്യമോ അനാവശ്യമോ അവിടെ കേൾക്കുകയില്ല.
'സമാധാനം', 'സമാധാനം' എന്ന വാക്കല്ലാതെ.
വലതുപക്ഷം! എന്താണ് വലതുപക്ഷം?
മുള്ളില്ലാത്ത ഇലന്തമരങ്ങളും
ഇടതൂർന്ന വാഴകളും
വിശാലമായ തണലും
ഒഴുകിക്കൊണ്ടിരിക്കുന്ന ജലവും
നിലച്ചു പോവുകയോ തടസ്സപ്പെടുകയോ
ചെയ്യാത്ത പഴവർഗങ്ങളും
ഉയർന്ന മെത്തകളും.
നിശ്ചയം, നാമാണ് അവരെ (സ്വർഗ സുന്ദരികളെ)
ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചത്.
നാം അവരെ വിശുദ്ധ കന്യകകളും
പ്രേമഭാജനങ്ങളും സമപ്രായക്കാരുമാക്കി.
വലതുപക്ഷക്കാർക്കുവേണ്ടി.
മുൻഗാമികളിൽനിന്ന് ഒരു കൂട്ടം;
പിൻഗാമികളിൽനിന്ന് ഒരു കൂട്ടവും.
ഇടതുപക്ഷം! എന്താണീ ഇടതുപക്ഷം?
തുളച്ചു കയറുന്ന ഉഷ്ണക്കാറ്റിലും
ചുട്ടുതിളയ്ക്കുന്ന വെള്ളത്തിലും
തണുപ്പുള്ളതോ സുഖദായകമോ
അല്ലാത്ത കരിമ്പുകകളുടെ
തണലിലുമായിരിക്കും അവർ.
നിശ്ചയം, നേരത്തേ അവർ
സുഖലോലുപന്മാരായിരുന്നു.
അവർ മഹാപാപത്തിൽ



ശഠിച്ചു നിന്നിരുന്നവരായിരുന്നു.
അവർ പറഞ്ഞിരുന്നു.
'മരിച്ച് മണ്ണും എല്ലുകളുമായി
മാറിയ ശേഷം ഞങ്ങളും പൂർവപിതാക്കളും
ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ?'യെന്ന്.
നീ പറയുക: പൂർവികർ മാത്രമല്ല, പിൽക്കാലക്കാരും
ഒരു നിശ്ചിത ദിവസത്തെ കൃത്യമായ അവധിക്കു ശേഷം
ഒരുമിച്ചു കൂട്ടപ്പെടുകതന്നെ ചെയ്യും, തീർച്ച.
ശേഷം; ഹേ, നുണയന്മാരായ ദുർമാർഗികളേ,
നിങ്ങൾ 'സഖ്ഖൂം' മരത്തിൽനിന്ന് ഭക്ഷിക്കേണ്ടവരാണ്;
അങ്ങനെ അതിൽനിന്ന് വയറുനിറക്കേണ്ടവരും,
അതിന് മേലെ തിളച്ച വെള്ളം കുടിക്കേണ്ടവരുമാണ്.
അങ്ങനെ ദാഹിച്ചു വലഞ്ഞ ഒട്ടകം കുടിക്കുന്നതുപോലെ
കുടിക്കേണ്ടവർ; പ്രതിഫലനാളിൽ ഇതാണ്
അവർക്കുള്ള സൽക്കാരം.
നാമാണ് നിങ്ങളെ സൃഷ്ടിച്ചത്; എന്നിട്ടുമെന്താണ്
നിങ്ങളിത് സത്യമായി അംഗീകരിക്കാത്തത്?
നിങ്ങൾ സ്രവിക്കുന്ന ഇന്ദ്രിയത്തെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ?
നിങ്ങളാണോ അതു സൃഷ്ടിച്ചുണ്ടാക്കുന്നത്,
അതല്ല, നാമാണോ സൃഷ്ടികർത്താവ്?
നിങ്ങൾക്ക് മരണം നിശ്ചയിച്ചത് നാമാണ്.
പകരം നിങ്ങളെപ്പോലുള്ളവരെ കൊണ്ടുവരികയും
നിങ്ങൾക്ക് അറിവില്ലാത്ത വിധത്തിൽ നിങ്ങളെ
സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്ന കാര്യത്തിൽ
നാം ഒരിക്കലും തോൽപിക്കപ്പെടുകയില്ല.
ആദ്യതവണ സൃഷ്ടിച്ചതിനെപ്പറ്റി നിങ്ങൾക്ക്
അറിയാമല്ലോ. എന്നിട്ടുമെന്തേ
നിങ്ങൾ ആലോചിക്കാത്തത്?

എന്നാൽ, നിങ്ങൾ കൃഷി ചെയ്യുന്നതിനെപ്പറ്റി

നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?
നിങ്ങളാണോ അത് വിളയിക്കുന്നത്.
അതല്ല നാമാണോ അത് വിളയിക്കുന്നത്?
നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അതു നാം
തുരുമ്പാക്കിത്തീർക്കുമായിരുന്നു. അന്നേരം,
'ഞങ്ങൾ കടബാധിതരാകുമല്ലോ! ഞങ്ങളുടെ
വഴിമുടങ്ങിപ്പോകുമല്ലോ' എന്നെല്ലാം നിങ്ങൾ
വ്യാകുലപ്പെടുമായിരുന്നുവല്ലോ.
ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി
നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ അത്
ഇറക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ?
നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് ഉപ്പുജലമാക്കുമായിരുന്നു.
എന്നിരിക്കെ, നിങ്ങൾ നന്ദി കാണിക്കാത്തതെന്ത്?
നിങ്ങൾ ഉരസിക്കത്തിക്കുന്ന തീയെക്കുറിച്ച്
ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ അതിന്റെ
മരമുണ്ടാക്കിയത്? അതല്ല, നാമാണോ അത്
സൃഷ്ടിച്ചുണ്ടാക്കിയവൻ?
നാം അതിനെ ഒരു ചിന്താവിഷയവും ദരിദ്രരായ
സഞ്ചാരികൾക്ക് ജീവിതസൗകര്യവുമാക്കിയിരിക്കുന്നു.
അതിനാൽ മഹാനായ നാഥന്റെ നാമം
നീ പ്രകീർത്തിക്കുക. അല്ല, നക്ഷത്രങ്ങളുടെ
അസ്തമയ സ്ഥാനമാണ് സത്യം!
നിങ്ങൾക്ക് വിവരമുണ്ടെങ്കിൽ അതൊരു
മഹത്തായ സത്യമാണ്, തീർച്ച.
നിശ്ചയം, ഇത് ആദരണീയമായൊരു ഖുർആൻതന്നെ;
ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിൽ.
വിശുദ്ധരല്ലാതെ അത് സ്പർശിക്കുകയില്ല.
ലോകരക്ഷിതാവ് അവതരിപ്പിച്ചതാണിത്.
എന്നിരിക്കെ, ഈ വർത്തമാനത്തെയാണോ





നിങ്ങൾ നിസ്സാരമാക്കിത്തള്ളുന്നത്?
സത്യത്തെ നിഷേധിക്കുകയെന്നത്
നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ?
എന്നാൽ, അത് (ജീവൻ) തൊണ്ടക്കുഴിയിലെത്തുമ്പോൾ
എന്തുകൊണ്ട് (പിടിച്ചു നിർത്താനാകുന്നില്ല?)
നിങ്ങൾ അന്നേരത്ത് നോക്കിക്കൊണ്ടിരിക്കും.
നാമാണ് അയാളെ സംബന്ധിച്ചിടത്തോളം
നിങ്ങളേക്കാൾ അടുത്തവൻ;
പക്ഷേ, നിങ്ങൾ കണ്ടറിയുന്നില്ല.
അപ്പോൾ നിങ്ങൾ (ദൈവിക നിയമത്തിന്)
വിധേയരല്ലെങ്കിൽ
നിങ്ങൾക്കെന്തുകൊണ്ട് അത് (ജീവൻ)
മടക്കിയെടുക്കാനാവുന്നില്ല;
നിങ്ങൾ സത്യവാദികളെങ്കിൽ.
അപ്പോൾ അവൻ സാമീപ്യം സിദ്ധിച്ചവരിൽ
പെട്ടവനാണെങ്കിൽ ആശ്വാസവും
വിശിഷ്ടമായ ഉപജീവനവും സുഖാനുഭൂതിയുടെ
സ്വർഗത്തോപ്പുമുണ്ടായിരിക്കും.
എന്നാൽ, അവൻ വലതുപക്ഷക്കാരനാണെങ്കിൽ
'വലതുപക്ഷക്കാരാ നിനക്ക് സമാധാനം'
എന്നായിരിക്കും (അവനു കിട്ടുന്ന അഭിവാദ്യം)
ഇനിയവൻ ദുർമാർഗികളായ സത്യനിഷേധികളിൽ
പെട്ടവനാണെങ്കിലോ, (അവന്നു ലഭിക്കുക)
ചുട്ടു തിളക്കുന്ന വെള്ളം കൊണ്ടുള്ള സൽക്കാരവും
നരകത്തിൽ വെച്ചുള്ള ചുട്ടെരിക്കലുമാണ്.
ഇതുതന്നെയാണ് ഉറപ്പുള്ള സത്യം, തീർച്ച!
അതിനാൽ മഹാനായ നിന്റെ നാഥന്റെ
നാമം നീ വാഴ്ത്തുക!